_പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 58

# 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 58

# 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1546/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 58

# 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1969-ലെ കേരള സഹകരണ സംഘ ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പിലെ ഖണ്ഡം (ii)-ഉം 9-ാം വകുപ്പിലെ ഖണ്ഡം (i)-ഉം 2020 ജനുവരി 15-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 9-ാം വകുപ്പിന്റെ ഖണ്ഡം (ii) 2020 ഏപ്രിൽ 11-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ 2021 ഫെബ്രുവരി 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (എബി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എസി) "ആനന്ദ് മാതൃകാ ക്ഷീര സഹകരണ സംഘം" എന്നാൽ കേരളത്തിൽ ഓപ്പറേഷൻ ഫ്ലഡ് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 1980-ലോ അതിനു ശേഷമോ രജിസ്റ്റർ ചെയ്തതും ആനന്ദ് മാതൃകയിലുള്ള മാതൃകാ ബൈലാ പ്രകാരം പ്രവർത്തിച്ചുവരുന്നതും സംഘത്തിന്റെ പ്രവർത്തനപരിധിക്കുള്ളിൽ പാലും പാലുല്പന്നങ്ങളും സംഭരിക്കുക, ശീതീകരിക്കുക, വിപണനം നടത്തുക എന്നിവ പ്രാഥമിക

ഉദ്ദേശ്യമായിട്ടുള്ളതും ക്ഷീരകർഷകർക്ക് സാമഗ്രികൾ പ്രദാനം ചെയ്യുന്നതുമായ, ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നറിയപ്പെടുന്ന പ്രാഥമിക ക്ഷീര സഹകരണ സംഘം എന്നർത്ഥമാകുന്നു;";

(ii) (ഐഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും അതിന്റെ അംഗങ്ങളായിട്ടുള്ളതും, നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പടെയുള്ള അതിലെ അംഗങ്ങൾക്ക് വായ്പ നൽകുന്നതിലേയ്ക്കായി ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെയുള്ളതും, 74 എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമോ (1) (എ) ഉപവകുപ്പ് പ്രകാരമോ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തൊട്ടുമുമ്പ് ഈ ആക്റ്റിൻ കീഴിൽ നിലനിന്നിരുന്നതും, അത്തരം ഉത്തരവുകൾ ഹേതുവായി നിലനില്പ്പ് അവസാനിച്ചതുമായ ഒരു കേന്ദ്രസംഘം എന്നർത്ഥമാകുന്നു:

എന്നാൽ ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പൊതുയോഗം 14 എ വകുപ്പിൻ കീഴിലുള്ള പ്രമേയം പാസ്സാക്കാത്തപക്ഷം, അത് 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് നിലവിൽ വരുന്ന തീയതി മുതൽ രണ്ട് വർഷം വരെയോ അല്ലെങ്കിൽ 74 എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ), (ബി), (സി) ഖണ്ഡങ്ങൾ പ്രകാരം രജിസ്ട്രാർ നടപടി പൂർത്തിയാക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം തുടരുന്നതാണ്.".

(iii) (പി) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (പിഎ) " റിക്രൂട്ട്മെന്റ് കമ്മിറ്റികൾ" എന്നാൽ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും സെലക്ഷനും നിയമന പ്രക്രിയയും നടത്തുന്നതിന് വേണ്ടി 80 ബിബി വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സമിതികൾ എന്നർത്ഥമാകുന്നു;

(പിബി) " മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ" എന്നാൽ രണ്ടോ അതിലധികമോ റവന്യൂ ജില്ലകളിൽപ്പെടുന്ന പ്രവർത്തന പരിധിയ്ക്കകത്ത്, അതിന്റെ അംഗങ്ങളായി ആനന്ദ് മാതൃകാ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ ഉള്ളതും, പാലിന്റെയും പാലുല്പന്നങ്ങളുടെയും സംഭരണം, സംസ്കരണം, വിപണനം എന്നിവ ഏറ്റെടുക്കുകയും സാങ്കേതികവും ധനപരവും ഉൽപ്പാദന സാമഗ്രികൾക്കുമുള്ള സഹായം അതിന്റെ അംഗസംഘങ്ങൾക്കും ക്ഷീര കർഷകർക്കും പ്രദാനം ചെയ്യുന്ന ഒരു കേന്ദ്ര സംഘം എന്നതാകുന്നു." .

3. 8 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8 എ വകുപ്പിൽ, (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ പ്രവർത്തന പരിധിയിൽ ക്ഷീര സംഭരണത്തിന്റെയും വിൽപ്പനയുടെയും ബിസിനസ്സ് ചെയ്യുകയും ക്രമമായി തിരഞ്ഞെടുക്കപ്പെട്ട ഒരു മാനേജിംഗ് കമ്മിറ്റി ഉള്ളതുമായ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങൾക്ക് മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിൽ അംഗമായി പ്രവേശനം നൽകേണ്ടതാണ്.".

4. 16-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന്റെ നാലാമത്തെ ക്ലിപ്തനിബന്ധനയ്ക്കു ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ സംഗതിയിൽ ഒന്നോ അതിലധികമോ കറവ പശുക്കളോ എരുമകളോ ഉള്ളതും, സംഘത്തിന്റെ പ്രവർത്തന പരിധിയ്ക്കുള്ളിൽ താമസിക്കുന്നതും, അല്ലെങ്കിൽ സംഘത്തിന്റെ പ്രവർത്തന പരിധിയ്ക്കുള്ളിൽ സ്വന്തം ഭൂമിയിലോ പാട്ട ഭൂമിയിലോ ക്ഷീരഫാമുകൾ നടത്തുന്നതും, ഒരു വർഷത്തിൽ നൂറ്റി എൺപത് ദിവസക്കാലയളവിൽ സംഘത്തിൽ അഞ്ഞൂറു ലിറ്ററിൽ കുറയാതെ പാൽ ഒഴിച്ചിട്ടുള്ളതുമായ ക്ഷീര കർഷകരെ അംഗമായി ചേർക്കേണ്ടതാണ്.".

5. 16 ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"16 ബി. ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിൽ സജീവ അംഗമായി തുടരുന്നതിനുള്ള യോഗ്യത വ്യവസ്ഥകൾ.—(1) ഒരംഗത്തിനും, അവനോ/അവളോ—

(എ) തൊട്ടുമുൻപുള്ള പന്ത്രണ്ട് മാസങ്ങളിൽ നൂറ്റി എൺപത് ദിവസത്തേക്ക് അഞ്ഞൂറ് ലിറ്ററിൽ കുറയാതെ പാൽ സംഘത്തിലേയ്ക്ക് ഒഴിക്കുന്നില്ലെങ്കിൽ; കൂടാതെ

(ബി) താമസസ്ഥലത്തിനടുത്തുള്ള കന്നുകാലി ഷെഡിലോ അല്ലെങ്കിൽ സ്വന്തം ഭൂമിയിലോ പാട്ടഭൂമിയിലോ ഉള്ള ഫാമിലോ പരിപാലിക്കുന്നതായ, കുറഞ്ഞത് ഒരു കറവ പശുവോ എരുമയോ സ്വന്തമായി ഇല്ലെങ്കിലോ;

ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ സജീവ അംഗമായി തുടരുന്നതിന് യോഗ്യതയില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ നൽകിയിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നവർക്ക് മാത്രമേ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ മാനേജിംഗ് കമ്മിറ്റിയിലെ അംഗമാകുവാനും, മാനേജിംഗ് കമ്മിറ്റിയിലെ അംഗമായി തുടരുവാനും സാധിക്കുകയുള്ളൂ.” .

6. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ (5)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(6) ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ, മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ അംഗമായിരിക്കുന്ന ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ ഏതൊരു പ്രസിഡന്റിനും മൂന്നു തവണയോ, അല്ലെങ്കിൽ പതിനഞ്ച് വർഷമോ, ഏതാണോ കൂടുതൽ അത്രയും കാലം, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ കമ്മിറ്റിയിലെ അംഗമായി പദവി വഹിക്കുന്നതിനുള്ള അർഹതയില്ലാത്തതാകുന്നു:

എന്നാൽ 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അതുപോലെ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ കമ്മിറ്റി അംഗമായിരിക്കുന്നവർക്ക് അവരുടെ പ്രഥമ കാലാവധിയായ അഞ്ചു വർഷം പൂർത്തിയാകുന്നതു വരെ ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല പ്രഥമ കാലാവധിയായ അഞ്ചു വർഷത്തിനപ്പുറം കാലാവധി നീട്ടിക്കിട്ടിയ കമ്മിറ്റി അംഗങ്ങൾക്ക് മേൽപ്പറഞ്ഞ ക്ലിപ്തനിബന്ധനയിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(7) മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിൽ അംഗമായിട്ടുള്ള ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ പ്രസിഡന്റിന്, അയാൾ/അവൾ അംഗമായിട്ടുള്ള ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘം താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്നെങ്കിൽ മാത്രമേ മേഖലാ സഹകരണ ക്ഷീരോല്പ്പാദക യൂണിയന്റെ കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും മേഖലാ സഹകരണ ക്ഷീരോല്പ്പാദക യൂണിയന്റെ കമ്മിറ്റിയിലെ അംഗമെന്ന നിലയിൽ ഔദ്യോഗിക പദവി വഹിക്കുന്നതിനും അർഹതയുണ്ടായിരിക്കുകയുള്ളു , അതായത്:—

(എ) ഒടുവിലായി നടത്തിയ ഓഡിറ്റിൽ സംഘത്തിനെ ഓഡിറ്റ് ക്ലാസിഫിക്കേഷൻ എയിലോ ബിയിലോ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, കൂടാതെ

(ബി) മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ അളവിനു വിധേയമായി, അംഗമായ സംഘം പാൽ സംഭരിച്ച് ഒന്നിച്ചുചേർത്ത് മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയനിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ:

എന്നാൽ ദീർഘകാല നിഷ്ക്രിയത്വത്തിനു ശേഷം പുനഃരുജ്ജീവിപ്പിക്കപ്പെട്ട അംഗസംഘങ്ങൾക്ക് സംഘം പുനഃപ്രവർത്തനം തുടങ്ങിയ തീയതി മുതലും, ആനന്ദ് മാതൃകയിലേയ്ക്ക് ബൈലാ ഭേദഗതി ചെയ്ത പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് ഭേദഗതി ചെയ്ത ബൈലാ രജിസ്റ്റർ ചെയ്ത തീയതി മുതലും രണ്ടു വർഷത്തേക്ക് ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(8) ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ ജനറൽ ബോഡി യോഗങ്ങളിൽ പങ്കെടുക്കുന്നതിനും മാനേജിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കാനുമുള്ള, അംഗമായ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ പ്രതിനിധി, അംഗമായ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ പ്രസിഡന്റ് മാത്രമായിരിക്കും." .

7. 28 എബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28 എബി വകുപ്പിൽ (2)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ ഏതൊരു പ്രസിഡന്റിനും മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെയോ, അതിന്റെ അപ്പെക്സ് സംഘത്തിന്റെയോ പ്രസിഡന്റ് അല്ലെങ്കിൽ ചെയർമാൻ ആയി തുടർച്ചയായി രണ്ടു തവണയിൽ കൂടുതൽ, പൂർണ്ണമായോ ഭാഗികമായോ, ഔദ്യോഗിക പദവി വഹിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(4) ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ, ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘത്തിന്റെ വൈസ് പ്രസിഡന്റ് പദവി വനിതാ അംഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്.".

8. 64-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പിൽ (12)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(13) ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ, ഒരു മേഖലാ സഹകരണ ക്ഷീരോല്പ്പാദക യൂണിയന്റെ ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പെക്സ് സംഘം ശുപാർശ ചെയ്തതും, ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന രജിസ്ട്രാർ അംഗീകരിച്ചതും ക്ഷീര വ്യവസായത്തിൽ മതിയായ

മുൻപരിചയം ഉള്ളതുമായ ആഡിറ്റർമാരുടെ പാനലിൽ നിന്നുള്ള ഓഡിറ്റർമാരെ നിയോഗിച്ചുകൊണ്ടു ഓരോ സാമ്പത്തിക വർഷത്തിലും വാർഷിക നിർവ്വഹണ ആഡിറ്റ് നടത്തേണ്ടതാണ്.”.

9. 74 എച്ച് വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 74 എച്ച് വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ഖണ്ഡങ്ങൾ അവസാനമായി കൂട്ടിചേർക്കേണ്ടതാണ്, അതായത്:—

“ (എ) ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പൊതുയോഗം 14 എ വകുപ്പിൻ കീഴിലുള്ള പ്രമേയം പാസ്സാക്കിയിട്ടില്ലായെങ്കിൽ, പൊതുതാല്പര്യാർത്ഥം രജിസ്ട്രാർക്ക്, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുമായി കൂടിയാലോചിച്ച ശേഷം, അത്തരം ജില്ലാ സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ചുകൊണ്ട് ഉത്തരവാകാവുന്നതാണ്. ഈ ഖണ്ഡത്തിൻ കീഴിലുള്ള യാതൊരു ഉത്തരവും,—

(i) നിർദ്ദിഷ്ട ലയന ഉത്തരവിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട അംഗസംഘത്തിനോ അംഗസംഘങ്ങൾക്കോ, അവയുടെ ആക്ഷേപങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി, രജിസ്റ്റർ ചെയ്ത തപാലായി അയച്ചുകൊടുക്കുകയും, സംഘം സ്ഥിതിചെയ്യുന്ന ജില്ലയിൽ വ്യാപകമായി പ്രചാരമുള്ള തദ്ദേശീയ ഭാഷയിലുള്ള രണ്ട് ദിനപത്രങ്ങളിൽ അത് പ്രസിദ്ധീകരിക്കുകയും;

(ii) ബന്ധപ്പെട്ട സംഘത്തിൽ നിന്നോ സംഘങ്ങളിൽ നിന്നോ അത്തരം സംഘത്തിന്റെയോ സംഘങ്ങളുടെയോ ഏതെങ്കിലും അംഗത്തിൽ നിന്നോ ക്രെഡിറ്ററിൽ നിന്നോ, രജിസ്ട്രാർ ഇതിലേയ്ക്കായി വിനിർദ്ദേശിക്കാവുന്നതും നിർദ്ദിഷ്ട ലയന ഉത്തരവ് പോസ്റ്റ് ചെയ്ത തീയതി മുതൽ പതിനഞ്ച് ദിവസത്തിൽ കുറയാത്തതുമായ കാലാവധിക്കുള്ളിൽ, ലഭിച്ച ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, രജിസ്ട്രാർ പരിഗണിക്കുകയും,

ചെയ്തിട്ടില്ലായെങ്കിൽ, പാസാക്കാൻ പാടില്ലാത്തതാകുന്നു;

(ബി) (എ) ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം രജിസ്ട്രാർക്ക് നിർദ്ദിഷ്ട ഉത്തരവിൽ അദ്ദേഹത്തിന് ഉചിതമെന്ന് കരുതുന്ന അപ്രകാരമുള്ള ഭേദപ്പെടുത്തലുകൾ വരുത്താവുന്നതും, കൂടാതെ ആ ഉത്തരവിൽ, അത് നടപ്പിൽ വരുത്തുന്നതിന് ആവശ്യമെന്ന് രജിസ്ട്രാർ കരുതുന്ന, അത്തരം ആനുഷംഗികവും തജ്ജന്യവും അനുബന്ധവുമായ വ്യവസ്ഥകൾ അടങ്ങിയിരിക്കേണ്ടതുമാണ്;

(സി) (ബി) ഖണ്ഡത്തിന് കീഴിലുള്ള നിർദ്ദിഷ്ട ഉത്തരവിനെ എതിർക്കുന്ന ഒരു അംഗത്തിനോ ക്രെഡിറ്റർക്കോ, ഏതു സംഘത്തിലാണോ അയാളുടെ ഓഹരിയോ, നിക്ഷേപമോ, കുടിശ്ശികയായ വായ്പയോ നിലനിൽക്കുന്നത്, ആ സംഘത്തിൽ, അപ്രകാരമുള്ള ഉത്തരവ് മുതൽ മുപ്പത് ദിവസക്കാലാവധിക്കുള്ളിൽ അപേക്ഷ നൽകിക്കൊണ്ട്, അയാളുടെ ഓഹരിയും നിക്ഷേപവും / ഓഹരിയോ നിക്ഷേപമോ, അതതു സംഗതിപോലെ, പിൻവലിക്കുകയോ അടച്ച് തീർക്കുകയോ ചെയ്യുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്;

(ഡി) ലയനത്തോടെ, ഈ അദ്ധ്യായത്തിലെ പ്രസക്തമായ മറ്റെല്ലാ വ്യവസ്ഥകളും, അനുയോജ്യമായ മാറ്റങ്ങളോടെ, ഖണ്ഡം (എ)-ക്ക് കീഴിൽ ലയിപ്പിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്.'' .

(ii) (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1എ) (1)(എ) ഉപവകുപ്പിൻ കീഴിൽ, രജിസ്ട്രാർ ലയന ഉത്തരവ് പാസ്സാക്കുന്ന തീയതിയിലും അന്നുമുതലും, ലയന ഉത്തരവിന് തൊട്ടുമുമ്പായി നിലകൊണ്ട പ്രകാരമുള്ള, ജില്ലാ സഹകരണ ബാങ്കിന്റെ എല്ലാ ആസ്തി ബാദ്ധ്യതകളും, യാതൊരു തുടർനടപടിയോ ഇൻസ്ട്രുമെന്റോ കരണമോ ഇല്ലാതെ കേരള സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് മാറ്റപ്പെടുകയും നിക്ഷിപ്തമാക്കപ്പെടുകയും ചെയ്യുന്നതാണ്.".

10. <u>80 ബിബി എന്ന പുതിയ വകുപ്പ് കൂട്ടിചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 80 ബി വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:-

" 80 ബിബി. <u>മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ നിയമനങ്ങൾക്കായുള്ള റിക്രൂട്ട്മെന്റ് കമ്മിറ്റികൾ.</u>—(1) ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ, റിക്രൂട്ട്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും അവ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ എല്ലാ സ്ഥിര ജീവനക്കാരുടെയും മുഴുവൻ സെലക്ഷൻ പ്രക്രിയകൾക്കും നിയമന പ്രക്രിയകൾക്കും അധികാരമുള്ള കമ്മിറ്റികളായിരിക്കുന്നതുമാണ്.

(2) മാനേജിംഗ് ഡയറക്ടർ ഒഴികെയുള്ള എല്ലാ ജീവനക്കാരുടെയും സെലക്ഷൻ പ്രക്രിയ ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള റിക്രൂട്ട്മെന്റ് കമ്മിറ്റിയിൽ എട്ടിൽ അധികരിക്കാത്ത അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്. ക്ഷീര വികസനത്തിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി കമ്മിറ്റിയുടെ ചെയർമാനും, സർക്കാർ നിയമിച്ച, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ അപ്പെക്സ് ബോഡിയുടെ മാനേജിംഗ് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനറും ആയിരിക്കുന്നതാണ്. മറ്റ് അംഗങ്ങൾ താഴെപ്പറയും

പ്രകാരമായിരിക്കും, അതായത്,—

(i) രജിസ്ട്രാർ (ഡയറി സഹകരണ സംഘങ്ങൾ);

(ii) അപ്പെക്സ് സംഘത്തിന്റെ ചെയർമാൻ;

(iii) ജോയിന്റ് ഡയറക്ടർ (ജനറൽ) അല്ലെങ്കിൽ ക്ഷീര വികസന വകുപ്പിലെ ജോയിന്റ് സെക്രട്ടറി;

(iv) ദേശീയ ക്ഷീര വികസന ബോർഡിന്റെ ദക്ഷിണ മേഖലാ തലവൻ;

(v) മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ ചെയർമാൻ;

(vi) മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ മാനേജിംഗ് ഡയറക്ടർ.

(3) മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ ചീഫ് എക്സിക്യൂട്ടീവ് അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടറെ തെരഞ്ഞെടുക്കുന്നതിനുള്ള റിക്രൂട്ട്മെന്റ് കമ്മിറ്റിയിൽ നാലിൽ അധികരിക്കാത്ത അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്. ക്ഷീര വികസന വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി കമ്മിറ്റിയുടെ ചെയർമാനും മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ ചെയർമാൻ കമ്മിറ്റിയുടെ കൺവീനറുമായിരിക്കുന്നതാണ്. അപ്പെക്സ് സംഘത്തിന്റെ മാനേജിംഗ് ഡയറക്ടറും ദേശീയ ക്ഷീര വികസന ബോർഡിന്റെ ദക്ഷിണ മേഖലാ തലവൻ മറ്റ് അംഗങ്ങൾ ആയിരിക്കുന്നതാണ്." .

11. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 117) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ 14-ാം വകുപ്പ് അനുസരിച്ച്, രണ്ടോ അതിലധികമോ സഹകരണ സംഘങ്ങളുടെ ആസ്തികളും ബാദ്ധ്യതകളും സംയോജിപ്പിക്കുവാനും കൈമാറ്റം ചെയ്യുവാനും സംഘത്തിലെ മൂന്നിൽ രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷം ആവശ്യമാണ്. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം

ആസ്തികളും ബാധ്യതകളും കൈമാറുന്നതിൽ ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ, ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിക്കുന്ന കാര്യത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷമെന്ന വ്യവസ്ഥയെ കേവല ഭൂരിപക്ഷമായി ലഘൂകരിക്കുന്നതിനും അതിലെ അംഗങ്ങൾ, ക്രെഡിറ്റർമാർ, നിക്ഷേപകർ എന്നിവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള വ്യവസ്ഥകളോടുകൂടി 14 എ എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തിക്കൊണ്ട് 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് (2019-ലെ 1) പ്രകാരം പ്രധാന ആക്ട് ഭേദഗതി ചെയ്യുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച്, 14 ജില്ലാ സഹകരണ ബാങ്കുകളിൽ 13 എണ്ണം സംസ്ഥാന സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിന് അനുകൂലമായി പ്രമേയം പാസ്സാക്കുകയും, എന്നാൽ, ഒരു ജില്ലാ സഹകരണ ബാങ്ക്, അതായത്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിച്ചതുപോലെ, പ്രമേയം പാസ്സാക്കുകയോ സംയോജന പദ്ധതി സ്വീകരിക്കുകയോ ചെയ്തില്ല.

2. സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കുന്നതിന്റെ പിന്നിലെ ഉദ്ദേശ്യം രണ്ട് ഉയർന്ന തട്ടുകൾ, അതായത് കേരള സംസ്ഥാന സഹകരണ ബാങ്കിനെ അപ്പെക്സ് തലത്തിലും ജില്ലാ സഹകരണ ബാങ്കുകളെ മധ്യതലത്തിലും നിലനിർത്തുന്നതിലൂടെ ഏറ്റവും താഴത്തെ തട്ടിന് അതായത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് (PACs) എന്തെങ്കിലും കാര്യമായ പ്രയോജനങ്ങളില്ലാതെ പലിശച്ചെലവ് വർദ്ധിപ്പിക്കുന്നു. ഒരു തട്ട് ഒഴിവാക്കുന്നത് കൂടുതൽ ഫലപ്രദമായ ഉപയോഗങ്ങൾക്കായി ഈ ഫണ്ടുകൾ കെട്ടഴിച്ച് വിടുന്നതിന് സഹായിക്കുന്നതാണ്.

3. 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ടിലെ (2019-ലെ 1) വ്യവസ്ഥകൾ പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾക്ക് നിലനിൽപ്പില്ലാതാവുകയും ഈ ബാങ്കുകളിലെ അംഗങ്ങൾ, അതായത്, പ്രാഥമിക സഹകരണ സംഘങ്ങൾ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അംഗങ്ങളായിത്തീരുകയും ചെയ്യുന്നതാണ്. 1969-ലെ കേരള സഹകരണ സംഘം ആക്റ്റിലോ മറ്റേതെങ്കിലും നിയമത്തിലോ സംയോജന പദ്ധതി സ്വീകരിച്ചിട്ടില്ലാത്ത ജില്ലാ സഹകരണ ബാങ്കിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ യാതൊരു വ്യവസ്ഥയും ഇല്ലാത്തതാകുന്നു. മാത്രവുമല്ല ജില്ലാ സഹകരണ ബാങ്കിന്റെ ഫണ്ടുകളിൽ ഭൂരിഭാഗവും പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങളുടെ സംഭാവനകളാണ്. കൂടാതെ പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന്റെ അംഗങ്ങളായിത്തീരുകയും ചെയ്തു. പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ നിന്നും നിക്ഷേപം പിൻവലിക്കുകയാണെങ്കിൽ ജില്ലാ സഹകരണ ബാങ്കിന്റെ നിലനിൽപ്പ് തന്നെ പ്രതിസന്ധിയിലാവുകയും ചെയ്യും.

4. മേൽ സാഹചര്യത്തിൽ, സംയോജനത്തിന് അനുകൂലമായി പ്രമേയം പാസ്സാക്കാത്ത ജില്ലാ സഹകരണ ബാങ്കിനെ രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം റിസർവ് ബാങ്കുമായി കൂടിയാലോചിച്ച് ന്യായമായ രീതിയിൽ അതിന്റെ അംഗങ്ങൾക്കും നിക്ഷേപകർക്കും, ക്രെഡിറ്റർമാർക്കും അവസരങ്ങൾ നൽകുകയും ചെയ്തുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് ബഹു. ഗവർണർ 2020 ജനുവരി 14-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 6-ാം നമ്പർ ഓർഡിനൻസായി 2020 ജനുവരി 15-ാം തീയതിയിലെ 109-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ 2020 ജനുവരി 29-ാം തീയതി ആരംഭിച്ച് 2020 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയാത്തതിനാൽ 2020-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് ബഹു. ഗവർണർ 2020 ഫെബ്രുവരി 17-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 16-ാം നമ്പർ ഓർഡിനൻസായി 2020 ഫെബ്രുവരി 18-ാം തീയതിയിലെ 555-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ 2020 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2020 മാർച്ച് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിയാത്തതിനാൽ 2020-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ് 2020 മാർച്ച് 31-ാം തീയതി ബഹു. ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 20-ാം നമ്പർ ഓർഡിനൻസായി 2020 എപ്രിൽ 1-ാം തീയതിയിലെ 1023-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. ബഹു. കേരള ഹൈക്കോടതി ചില റിട്ട് ഹർജികളിൽമേലുള്ള ഇടക്കാല ഉത്തരവിലൂടെ ഓർഡിനൻസിലെ വ്യവസ്ഥകൾ അനുസരിച്ച് തുടർനടപടി സ്വീകരിക്കരുതെന്ന് റിസർവ് ബാങ്കിനോട് നിർദ്ദേശിക്കുകയും ചെയ്തു. ഇതിനു പുറമെ, രാജ്യത്തുടനീളം ലോക്ക് ഡൗൺ ഏർപ്പെടുത്തിയ സാഹചര്യവും ലയന പ്രക്രിയയുടെ പൂർത്തീകരണത്തെ ബാധിച്ചു. ആയതിനാൽ ഓർഡിനൻസ് ആരംഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ലയന

പ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതിനാൽ സർക്കാർ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചു.

9. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2020 ഏപ്രിൽ 9-ാം തീയതി ബഹു. ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 27-ാം നമ്പർ ഓർഡിനൻസായി 2020 ഏപ്രിൽ 11-ാം തീയതിയിലെ 1048-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ 2020 ആഗസ്റ്റ് 24-ാം തീയതി ആരംഭിച്ച് അന്നേ ദിവസം തന്നെ അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിയാത്തതിനാൽ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് ബഹു. ഗവർണ്ണർ 2020 സെപ്റ്റംബർ 26-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 58-ാം നമ്പർ ഓർഡിനൻസായി 2020 സെപ്റ്റംബർ 28-ാം തീയതിയിലെ 2194-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ 2021-ലെ 274-ാം നമ്പർ ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2020 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേ ദിവസം തന്നെ അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിലും സമയക്കുറവിനാൽ അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞില്ല.

12. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2021 ഫെബ്രുവരി 9-ാം തീയതി ബഹു. കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 24-ാം നമ്പർ ഓർഡിനൻസായി 2021 ഫെബ്രുവരി 10-ാം തീയതിയിലെ 649-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

13. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിലും അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിയാത്തതിനാലും പ്രസ്തുത ഓർഡിനൻസിലെ

വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2021 ജൂലൈ 2-ാം തീയതി ബഹു. കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3-ാം തീയതിയിലെ 1954-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 92-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

14. രണ്ടു തരത്തിലുള്ള പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ നിലവിലുണ്ട്, അതായത്, പരമ്പരാഗത ക്ഷീര സഹകരണ സംഘങ്ങളും, ആനന്ദ് മാതൃക സഹകരണ സംഘങ്ങളും (ആപ്കോസ്). ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങൾ, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ, സംസ്ഥാന ഫെഡറേഷൻ എന്നിവയുടെ രൂപീകരണവും പ്രവർത്തനവുമായി ബന്ധപ്പെട്ട് 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് ഭേദഗതി ചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ 1979 ഏപ്രിൽ 27-ലെ സ.ഉ.(അ)നമ്പർ183/79/എ.ഡി. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

15. കേരള സംസ്ഥാനത്തിലെ ത്രിതല ക്ഷീര സഹകരണ ഘടനയെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാൻ മുൻ ക്ഷീര വികസന കമ്മീഷണറായ ശ്രീമതി ലിഡ ജേക്കബ്, ഐ.എ.എസ്.(റിട്ട)-ന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച വിദഗ്ദ്ധസമിതി വനിതാ പങ്കാളിത്തം, മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ കാലാവധി പരമാവധി മൂന്നു തവണയായി പരിമിതപ്പെടുത്തൽ മുതലായവ ശിപാർശ ചെയ്തു. മൃഗസംരക്ഷണ, ക്ഷീര മേഖലയിലെ എല്ലാ രംഗങ്ങളിലേയും വിദഗ്ദ്ധർ ഉൾപ്പെടുന്ന ഉന്നതതല കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലും ഇതേ കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

16. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ, പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും, മേഖലാ ക്ഷീരോൽപ്പാദക സഹകരണ യൂണിയനെയും ശക്തിപ്പെടുത്താനും യഥാർത്ഥ ക്ഷീര കർഷകർക്ക് മാത്രമേ ക്ഷീര സഹകരണ സംഘങ്ങളിലും, അതിന്റെ മാനേജിംഗ് കമ്മിറ്റികളിലും സജീവ അംഗങ്ങളാകുവാൻ കഴിയുകയുള്ളൂ എന്നും ഉറപ്പുവരുത്തുവാനും, മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ മാനേജിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ കാലാവധി പരമാവധി മൂന്നു തവണയായി പരിമിതപ്പെടുത്തുന്നതിനും, ഈ സംഘങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, മേഖലാ സഹകരണ ക്ഷീരോല്പ്പാദക യൂണിയനിൽ ന്യായമായ നിയമന പ്രക്രിയ ഉറപ്പുവരുത്തുന്നതിനു റിക്രൂട്ട്മെന്റ് കമ്മിറ്റികൾ രൂപവത്ക്കരിക്കുന്നതിനും 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) 2, 8 എ, 16, 28, 28 എബി, 64 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യും 16 ബി, 80 ബിബി എന്നീ പുതിയ വകുപ്പുകൾ കൂട്ടിച്ചേർത്തും പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

17. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 12-ാം തീയതി ബഹു. കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 32-ാം നമ്പർ

ഓർഡിനൻസായി 2021 ഫെബ്രുവരി 12-ാം തീയതിയിലെ 725-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ മനഃപൂർവ്വമല്ലാത്ത ഉപേക്ഷകൊണ്ട് ഈ ഓർഡിനൻസിലെ ചില വ്യവസ്ഥകളിൽ ക്ലറിക്കൽ പിശകുകൾ വന്നു. ആ ക്ലറിക്കൽ പിശകുകൾ പരിഹരിക്കുന്നതിന് ചില പ്രസക്തമായ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 24-ാം തീയതി ബഹു. കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 47-ാം നമ്പർ ഓർഡിനൻസായി 2021 ഫെബ്രുവരി 24-ാം തീയതിയിലെ 945-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

18. പ്രസ്തുത രണ്ട് ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിലും അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

19. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2021-ലെ 93) 2021 ജൂലൈ 2-ാം തീയതി ബഹു. കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3-ാം തീയതിയിലെ 1952-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

20. 2021-ലെ 92-ഉം 93-ഉം ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ, പതിനഞ്ചാം കേരള നിയമസഭയുടെ 2021-ലെ 9-ാം നമ്പർ ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിലും സമയക്കുറവിനാൽ അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞില്ല.

21. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി ബഹു. കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 117-ാം നമ്പർ

ഓർഡിനൻസായി 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2477-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

22. 2021-ലെ 117-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 3-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 74 എച്ച് വകുപ്പിന്റെ (1)(എ) ഉപവകുപ്പ് ലയന ഉത്തരവ് പുറപ്പെടുവിക്കാൻ രജിസ്ട്രാറെ അധികാരപ്പെടുത്തുന്നു.

2. 10-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 80 ബിബി വകുപ്പിന്റെ (1)-ാം ഉപവകുപ്പ് മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനിലെ എല്ലാ സ്ഥിരജീവനക്കാരുടെയും മുഴുവൻ സെലക്ഷനും റിക്രൂട്ട്മെന്റ് പ്രക്രിയയുമായി റിക്രൂട്ട്മെന്റ് കമ്മിറ്റികളെ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. എൻ. വാസവൻ

(ശരിതർജ്ജമ)

## 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(എബി) "സഹകരണ സംഘങ്ങളുടെ കണക്കുകളുടെ ആഡിറ്റിംഗ്" എന്നാൽ ധനകാര്യ ഇടപാടുകളുടെയും അവധി കഴിഞ്ഞ കടങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിന്റെയും ബിസിനസ്സിനായി സൂക്ഷിക്കുന്ന കണക്കു ബുക്കുകളുടെയും പ്രമാണങ്ങളുടെയും, മറ്റ് രേഖകളുടെയും സൂക്ഷ്മമായ പരിശോധനയും ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കലും എന്നർത്ഥമാകുന്നതും അതിൽ സംഘത്തിന്റെയും സബ്സിഡിയറി സ്ഥാപനങ്ങളുടെയും ഇടപാടുകളുടെ കണക്കുകളിലെ കൃത്യതയും സഹകരണ തത്ത്വങ്ങൾക്കനുസൃതമായി അംഗങ്ങളുടെ സാമ്പത്തിക ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിൽ അതിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം പ്രയോജനപ്രദമായി എന്നതും തിട്ടപ്പെടുത്തുവാനുള്ള അന്വേഷണവും ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(ഐഎ) "ജില്ലാ സഹകരണ ബാങ്ക്" എന്നാൽ, ഒരു റവന്യൂ ജില്ലയിൽ അധികാരിതയുള്ളതും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും അതിന്റെ അംഗങ്ങളായിട്ടുള്ളതും, നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗങ്ങൾ ഉൾപ്പെടെയുള്ള അതിലെ അംഗങ്ങൾക്കും വ്യക്തികൾക്കും വായ്പ നൽകുന്നതിലേയ്ക്കായി ഫണ്ട് സ്വരൂപിക്കുക എന്ന പ്രധാന ഉദ്ദേശ്യം ഉള്ളതും 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടു മുൻപ് ഈ ആക്റ്റിൻ കീഴിൽ നിലവിലുണ്ടായിരുന്നതും പ്രസ്തുത ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം നിലവിലില്ലാതായിത്തീർന്നതുമായ ഒരു കേന്ദ്ര സംഘം എന്ന് അർത്ഥമാകുന്നു.".

** ** ** **

(പി) "രജിസ്ട്രാർ" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന സഹകരണസംഘം രജിസ്ട്രാർ എന്നർത്ഥമാകുന്നതും, അതിൽ ഈ ആക്റ്റ് പ്രകാരം രജിസ്ട്രാർക്കുള്ള എല്ലാ അധികാരങ്ങളുമോ അഥവാ ഏതെങ്കിലും അധികാരമോ നൽകപ്പെട്ട ഏതൊരു വ്യക്തിയും ഉൾപ്പെടുന്നതുമാകുന്നു;.

** ** ** **

8 എ. അപ്പെക്സ് സംഘത്തോട് അഫിലിയേറ്റ് ചെയ്യൽ.—(1) ഓരോ പ്രാഥമിക സഹകരണ സംഘത്തിനോ, കേന്ദ്ര സഹകരണ സംഘത്തിനോ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, അങ്ങനെയുള്ള സമയത്തിനുള്ളിലും ബന്ധപ്പെട്ട അപ്പെക്സ് സംഘവുമായോ, കേന്ദ്ര സംഘവുമായോ, അതതു സംഗതിപോലെ, അഫിലിയേറ്റ് ചെയ്യുന്നതിന് അപേക്ഷിക്കാവുന്നതാണ്.

(2) അപ്പെക്സ് സംഘമോ, കേന്ദ്ര സംഘമോ അഫിലിയേറ്റ് ചെയ്യുവാനുള്ള അപേക്ഷ സ്വീകരിച്ച ദിവസം മുതൽ അറുപതു ദിവസത്തിനുള്ളിൽ, അത്തരം അഫിലിയേഷൻ അനുവദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാത്തപക്ഷം, അപ്രകാരമുള്ള അറുപതു ദിവസ കാലാവധി കഴിയുന്ന തീയതി മുതൽ അപേക്ഷ സംഘത്തിന് അങ്ങനെയുള്ള അഫിലിയേഷൻ നൽകപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

(3) അപ്പെക്സ് സംഘമോ കേന്ദ്ര സംഘമോ, അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പ് പ്രകാരം അഫിലിയേഷനുള്ള ഒരു അപേക്ഷ നിരസിക്കുന്നതായാൽ ആക്ഷേപമുള്ള സംഘത്തിന്, നിരസിക്കൽ ഉത്തരവ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം രജിസ്ട്രാർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും രജിസ്ട്രാർ അപ്പീൽ നൽകിയ തീയതി മുതൽ അറുപതു ദിവസത്തിനകം അപ്പീൽ തീർപ്പാക്കേണ്ടതുമാണ്.

** ** ** **

16. അംഗങ്ങളാകാവുന്ന വ്യക്തികൾ.—(1) താഴെപ്പറയുന്നവരൊഴികെ, യാതൊരാളെയും സംഘത്തിലെ അംഗമായി ചേർക്കുവാൻ പാടുള്ളതല്ല, അതായത്:—

** ** ** **

എന്നുമാത്രമല്ല, സഹകരണ സംഘം ആശുപത്രികളുടെ കാര്യത്തിൽ വ്യാവസായിക വാണിജ്യ സ്ഥാപനങ്ങളെയും മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റ് സംഘടനകളെയും അംഗങ്ങളായി ചേർക്കാവുന്നതാണ്.

** ** ** **

16 എ. (ഒഴിവാക്കി)

** ** ** **

28. കമ്മിറ്റിയെ നിയമിക്കൽ.—(1) സംഘത്തിന്റെ ജനറൽബോഡി, ഉപനിയമങ്ങൾക്കനുസരണമായി അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഒരു കമ്മിറ്റി സംഘടിപ്പിക്കുകയും, സംഘകാര്യാദികളുടെ നടത്തിപ്പ് ആ കമ്മിറ്റിയെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാകുന്നു:

** ** ** **

(5) കമ്മിറ്റിയുടെ ഒരു മീറ്റിംഗിനു വേണ്ട ക്വാറം ആ കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ അമ്പതു ശതമാനത്തിൽ അല്പം കൂടുതൽ വരുന്ന എണ്ണം അംഗങ്ങളായിരിക്കേണ്ടതാണ്.

** ** ** **

28 എബി. <u>പ്രസിഡന്റ്, വൈസ് പ്രസിഡന്റ് മുതലായവരുടെ തെരഞ്ഞെടുപ്പും നീക്കം ചെയ്യലും</u>.— (1) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റി, അവരിൽനിന്നും ഒരു പ്രസിഡന്റ്, ഒരു വൈസ് പ്രസിഡന്റ്, ഒരു ട്രഷറർ അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ, അയാൾക്ക് എന്തുതന്നെ ഉദ്യോഗപ്പേര് നൽകിയാലും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, തെരഞ്ഞെടുക്കേണ്ടതാണ്.

(2) ഒരു കമ്മിറ്റി അതിന്റെ പ്രസിഡന്റിനേയോ, വൈസ് പ്രസിഡന്റിനേയോ, ട്രഷററേയോ അഥവാ കമ്മിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനേയോ, നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾക്ക് അനുസൃതമായി, അവരിൽ ഏതെങ്കിലും ഒരാളിലോ അല്ലെങ്കിൽ എല്ലാവരിലുമോ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം അങ്ങനെയുള്ള കമ്മിറ്റിയിലെ ഭൂരിപക്ഷ അംഗങ്ങളുടെ പിന്തുണയോടെ പാസ്സാക്കുന്നപക്ഷം, ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യേണ്ടതാണ്.

** ** ** **

64. <u>ആഡിറ്റിന്റെ പരിധിയും സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങളും, ആഡിറ്റിനുള്ള നടപടിക്രമവും</u>.—(1) ആഡിറ്റ് എന്നതിൽ കാലാവധി കഴിഞ്ഞ കടങ്ങൾ വല്ലതുമുണ്ടെങ്കിൽ അവ പരിശോധിക്കുന്നതും, ബാക്കിയിരിപ്പ് പണവും സെക്യൂരിറ്റികളും കൃത്യമാണോ എന്ന് നോക്കുന്നതും, ബന്ധപ്പെട്ട സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ആഡിറ്റ് കാര്യങ്ങളും ഉൾപ്പെടുന്നതാണ്.

** ** ** **

(12) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,-

(എ) സഹകരണ ആഡിറ്റ് ഡയറക്ടറോട് ആഡിറ്റിനുള്ള ഒരു അഭ്യർത്ഥന നടത്തുന്നതിന് മുമ്പ്, (4)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ആഡിറ്റ് നടത്തുന്നതിനായി, ആഡിറ്റ് നടത്തുന്നതിന് ആവശ്യമായ ഫീസ് അല്ലെങ്കിൽ ചെലവ് മുൻകൂറായോ സഹകരണ ആഡിറ്റ് ഡയറക്ടർ തിട്ടപ്പെടുത്തിയ പ്രകാരമോ അടക്കുകയും അതിന്റെ ബുക്കുകളും, കണക്കുകളും, ധനകാര്യ സ്റ്റേറ്റ്മെന്റുകളും, ആഡിറ്റിനായി ആഡിറ്റർക്ക് ആവശ്യമായ മറ്റെല്ലാ സ്റ്റേറ്റ്മെന്റുകളും എഴുതിപ്പിച്ചും പൂർണ്ണമാക്കിയും സംഘത്തിന്റെ മുഖ്യനിർവ്വാഹകൻവഴി ആഡിറ്റിനായി സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അവ സമർപ്പിച്ചും, ഓരോ വർഷവും അതിന്റെ കണക്കുകൾ ആഡിറ്റ് നടത്തി ലഭിക്കുന്നതിന് സഹകരണ ആഡിറ്റ് ഡയറക്ടറോട് അഭ്യർത്ഥന നടത്തേണ്ടതും;

(ബി) പൊതുയോഗം അല്ലെങ്കിൽ പ്രാതിനിധ്യ പൊതുയോഗം മുമ്പാകെ പൂർണ്ണമായ ആഡിറ്റ് സർട്ടിഫിക്കറ്റ് വയ്ക്കേണ്ടതും അതിൽപ്പറഞ്ഞിരിക്കുന്ന ന്യൂനതകൾ പൊതുയോഗത്തെയോ പ്രാതിനിധ്യ പൊതുയോഗത്തെയോ വായിച്ചു കേൾപ്പിക്കേണ്ടതും കൂടാതെ ഓരോ ന്യൂനതയും പരിഹരിച്ചുകൊണ്ടുള്ള തിരുത്തൽ റിപ്പോർട്ടുകൾ പൊതുയോഗത്തിനോ പ്രാതിനിധ്യ പൊതുയോഗത്തിനോ മുമ്പാകെ വയ്ക്കേണ്ടതും;

(സി) ആഡിറ്റ് സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള എല്ലാ ന്യൂനതകളും പരിഹരിക്കുന്നതും ആഡിറ്റ് സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള ന്യൂനതകളിന്മേൽ തെറ്റുതിരുത്തൽ റിപ്പോർട്ടുകൾ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനകം സഹകരണ ആഡിറ്റ് ഡയറക്ടർക്കും രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതും,

ഒരു സംഘത്തിലെ കമ്മിറ്റിയുടെ കർത്തവ്യമായിരിക്കുന്നതാണ്.

** ** ** **

74 എച്ച്. കേരള സംസ്ഥാന സഹകരണ ബാങ്കിലേക്കുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ കൂട്ടിച്ചേർക്കൽ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിന്റെ 14 എ വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരം പൊതുയോഗം അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കുമായി കൂട്ടിച്ചേർത്തു കൊണ്ടുള്ള ഉത്തരവ് രജിസ്ട്രാർ പുറപ്പെടുവിക്കേണ്ടതാണ്.

** ** ** **

80 ബി. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്.—(1) ഈ ആക്റ്റിലോ ചട്ടങ്ങളിലോ ഏതെങ്കിലും സംഘത്തിന്റെ ഉദ്യോഗസ്ഥൻമാരെയോ ജീവനക്കാരെയോ റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട ബൈലോകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനം വഴി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലേയ്ക്ക് ജൂനിയർ ക്ലർക്ക്/കാഷ്യർ ഉദ്യോഗസ്ഥൻമാരുടെയും അതിനു മുകളിലെ വിഭാഗങ്ങളിലുള്ള തസ്തികകളിലേയ്ക്കുള്ള നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കുംവേണ്ടി എഴുത്തു പരീക്ഷ നടത്തുന്നതിനായി ഒരു സഹകരണ സർവ്വീസ് പരീക്ഷാബോർഡ് രൂപീകരിക്കേണ്ടതാണ്.

** ** ** **